No. CEE/3600/KEAM-2021/TA2

കേരളസർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം–695 001.

# വിജ്ഞാപനം

## കീം–2021

## ഓൺലൈനായി സമർപ്പിച്ച സർട്ടിഫിക്കറ്റിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള അവസരം

2021–22 വർഷത്തെ കേരള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥി കൾക്ക് അവരുടെ പ്രൊഫൈൽ പരിശോധിക്കുന്നതിനും അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം അവ പരിഹരി ക്കുന്നതിന് **18.08.2021** ലെയും **04.09.2021** ലെയും വിജ്ഞാപനപ്രകാരം **08.09.2021** വരെ അവസരം നൽകിയിരുന്നു. വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിച്ച സർട്ടിഫിക്കറ്റുകളിലെ ന്യൂനതകൾ പരിഹരിക്കുന്ന തിന് **15.09.2021** വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.

2021 വർഷം സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലേയ്ക്കുള്ള എൻ.ആർ.ഐ ക്വാട്ടാ പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകളിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് **11.09.2021** മുതൽ **17.09.2021** വരെ അവസരം ലഭ്യമാകുന്നതാണ്. പ്രവേ ശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM-2021 Candidate Portal'** എന്ന ലിങ്കിൽ അവരവരുടെ അപേക്ഷാനമ്പരും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്യുമ്പോൾ അപേക്ഷ കന്റെ പ്രൊഫൈൽ പേജ് ദൃശ്യമാകുന്നതാണ്. ന്യൂനതകൾ ഉള്ള പക്ഷം പ്രൊഫൈൽ പേജിൽ ലഭ്യമായ **'Memo Details'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ ന്യൂനതകൾ സംബന്ധിച്ച വിവരങ്ങൾ ദൃശ്യമാകുന്നതാ ണ്. ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യമായരേഖകൾ/സർട്ടിഫിക്കറ്റുകൾ അപേക്ഷകൻ ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

അനുബന്ധരേഖകളോ സർട്ടിഫിക്കറ്റുകളോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

**ഹെൽപ്പ് ലൈൻ നമ്പർ:0471 2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
10.09.2021